# ഇസ്‌ലാമും പാശ്ചാത്യരും

ഡോ. മുഹമ്മദ് അസദ്

**ഇസ്‌ലാമിക** സംസ്കാരത്തിന്നും പാശ്ചാത്യൻ സംസ്കാരത്തിന്നുമിടക്ക് വല്ല ബന്ധമോ ധാരണയോ സ്ഥാപിക്കാൻ സാധിക്കുമോ എന്നതാണല്ലോ പ്രശ്നം. ഇസ്‌ലാമിക സംസ്കാര മേഖലകൾക്ക് യൂറോപ്യൻ സംസ്കാരവുമായി അനേകം വിഷയങ്ങളിൽ അനല്പമായ അടുപ്പമുണ്ടെന്ന് ഇസ്‌ലാമിക ചരിത്രം സൂക്ഷ്മമായി പഠിക്കാത്തവർക്ക് മനസ്സിലാവുക വിഷമമാണ്. ഭൂമിശാസ്ത്രപരമായും ആദർശപരമായും അങ്ങേയറ്റം അകന്ന സംസ്കാമല്ലാം ഒരു യൂറോപ്യന്നറിയാമെങ്കിലും ഇസ്‌ലാമിനെപ്പറ്റി നന്നെക്കുറച്ചേ അവന്നറിയൂ.

ഡോ. ഹാൻസ് സബിന്ദൻ:

ഇത് തികച്ചും ശരിയാണ് ഡോ. അസദ്. വിദൂരപൗരസ്ത്യദേശങ്ങളിലേയും ഇന്ത്യയിലേയും കലകളും തത്വചിന്തകളും ഞങ്ങൾക്ക് സമ്പൂർണമായി മനസ്സിലാക്കാൻ സാധിച്ചതും ജപ്പാനും ചൈനയും ഇന്ത്യയും ഗ്രന്ഥങ്ങൾ മുഖേനയോ പരിഭാഷകൾ വഴിക്കോ ഞങ്ങളോട് സമീപസ്ഥമായ വീക്ഷണഗതികൾ ഉൾക്കൊണ്ടതും അനുസ്മരിക്കുമ്പോൾ യഥാർത്ഥത്തിലെനിക്ക് അത്ഭുതം തോന്നുകയാണ്. അതേ അവസരത്തിൽ ഞങ്ങളോടു കൂടുതൽ ബന്ധവും സാമീപ്യവുമുള്ള മുസ്‌ലിം ലോകത്തെക്കുറിച്ച ഞങ്ങളുടെ പരിജ്ഞാനം പരിമിതമാണ്.

അസ: വാസ്തവം. മുസ്‌ലിം ലോകത്തെ വസ്തുനിഷ്ഠമായി വീക്ഷിക്കാൻ സാധിക്കാതിരിക്കുമാറുള്ള വൈചാരികമായൊരാവരണം പാശ്ചാത്യരുടെ കണ്ണുകൾക്ക് മുന്നിലുണ്ടായിരുന്നുവെന്ന് സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല.

സബി: പല വിഷയത്തിലും അവർ തമ്മിൽ സാമ്യമുണ്ടല്ലോ.

അസ: അത് തന്നെയാണ് ഞാൻ പറയാനുദ്ദേശിക്കുന്നത്. പാശ്ചാത്യരും അറബികളും വളരെയധികം വിഷയത്തിൽ യോജിക്കുന്നു. അവർക്കിടയിൽ മാനസികമായൊരടുപ്പം ഇതുവരെ ഉണ്ടാവാതിരുന്നത് എന്ത്കൊണ്ടാണെന്നാണ് ചിന്തിക്കുന്നത്. ഈശ്വര വിജ്ഞാനീയത്തിലും സദാചാര സിദ്ധാന്തങ്ങളിലും മുസ്‌ലിം ലോകം ക്രൈസ്തവ ലോകവുമായി വളരെ അടുത്താണ് നിലകൊള്ളുന്നത്. ഇരു സംസ്കാരങ്ങളേയും സഹോദരിമാരെന്നു വിശേഷിപ്പിക്കാം.

സബി: മതപരമായ വീക്ഷണത്തിൽ രണ്ടു വിഭാഗവും ഏക ദൈവത്വത്തിൽ അധിഷ്ഠിതമാണെന്ന് ഏതാണ്ടുറപ്പിക്കാം.

അസ: ആധ്യാത്മികമായ അടിസ്ഥാനങ്ങൾ മിക്കതും അന്യോന്യം സദൃശ്യമാണ്. കൂടാതെ, വ്യക്തിപരമായ ഉത്തരവാദിത്വങ്ങളും സാന്മാർഗിക പ്രശ്നങ്ങളും ഇസ്‌ലാമിലും ക്രിസ്തുമതത്തിലും ഏകദേശം ഒരുപോലെയാണ് കയ്യാളിയിരിക്കുന്നത്.

സബി: സഹജീവികളുടെ ആവശ്യങ്ങൾ കൂടി പരിഗണിക്കാൻ ഇസ്‌ലാം കല്പിക്കുന്നുവെന്നാണോ താങ്കളുദ്ദേശിക്കുന്നത്?

അസ: ഇസ്‌ലാം അതിന്ന് അസാധാരണമായ പ്രധാന്യമാണ് കല്പിച്ചിരിക്കുന്നത്. ഇതേ അടിസ്ഥാനത്തിലാണ് ഇസ്‌ലാമിന്റെ സമൂഹ വിഭാവനം. പ്രവാചകന്റെ ഒരു പ്രസിദ്ധ വചനം ഞാനുദ്ധരിക്കട്ടെ. ''അയൽവാസി വിശന്നു കൊണ്ടിരിക്കെ, വയർ നിറച്ചാഹരിക്കുന്നവൻ എന്നിൽ വിശ്വസിച്ചിട്ടില്ല.'' ഇതുപോലുള്ള വചനങ്ങൾ ധാരാളമുണ്ട്. ഖുർആനിൽതന്നെ ഈ ആശയം വ്യക്തമാക്കുന്ന അനേകം സൂക്തങ്ങളുണ്ട്. ഇവക്കു പുറമെ നബിവചനങ്ങളും അന്യരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കാൻ ആഹ്വാനം ചെയ്യുക മാത്രമല്ല, സാമൂഹിക വ്യവസ്ഥയുടെ അടിസ്ഥാന തത്വം തന്നെ അതാണെന്ന് വ്യക്തമാക്കുകകൂടി ചെയ്തിരിക്കുന്നു.

സബി: പക്ഷെ, രണ്ടു മതദർശനങ്ങൾ തമ്മിൽ മൗലികമായ അന്തരമില്ലേ? ഇസ്‌ലാമിൽ പള്ളി മേധാവിത്വമോ പുരോഹിതരുടെ വൈദിക പഠനമോ ഒന്നും തന്നെയില്ലല്ലോ?

അസ: അത് തീർച്ചയാണ്. ദൈവത്തിന്റേയും മനുഷ്യന്റേയുമിടക്ക് യാതൊരു മാധ്യമവും ഇസ്‌ലാം അംഗീകരിക്കുന്നില്ല. പൗരോഹിത്യമോ പാപരഹിതമായ വ്യക്തിമാഹാത്മ്യമോ ഇസ്‌ലാമിലില്ല. ഉദാഹരണമായി വിവാഹത്തെ എടുക്കാം. ഇരു വിഭാഗങ്ങളും തമ്മിലുള്ള ഒരു സാമൂഹ്യ കരാറായിട്ടാണ് ഇസ്‌ലാം അത് ഗണിക്കുന്നത്. പുരോഹിതന്റെ മുന്നിൽ വെച്ച് നിർവഹിക്കേണ്ട ഒരുടമ്പടി എന്ന നിലക്കല്ല. അതുപോലെ ജ്ഞാനസ്നാനവും ഇസ്‌ലാമിലില്ല. ദൈവത്തിനും മനുഷ്യന്നുമിടയിൽ മധ്യസ്ഥന്മാരില്ലാതിരിക്കാനും ആരാധനയിലും ഭക്തിയിലുമുള്ള ഔന്നത്യം ഗോപ്യമായിരിക്കുവാനും ക്രിസ്തുമതത്തിൽനിന്നും തികച്ചും ഭിന്നമായ ദൈവിക സങ്കല്പമാണ് ഇസ്‌ലാമിനുള്ളത്. എങ്കിലും രണ്ടു മതങ്ങളുടെയും സദാചാര സിദ്ധാന്തങ്ങൾക്ക് വലിയ സാദൃശ്യമുണ്ട്.

സബി: ദൈനംദിന ജീവിതത്തിൽ മറ്റുള്ളവരോടനുവർത്തിക്കേണ്ട നിലപാടിൽ രണ്ടു മതത്തിനും സാദൃശ്യമുണ്ടെന്നാണോ നിങ്ങൾ പറയുന്നത്?

അസ: സൈദ്ധാന്തികമായി പല സാദൃശ്യങ്ങളുമുണ്ട്. പക്ഷെ, ക്രൈസ്തവരെപ്പോലെ, ഇസ്‌ലാം ആത്മാവിനേയും പദാർത്ഥത്തേയും രണ്ടായി കാണുന്നി

ല്ല. മനുഷ്യന്റെ ആത്മീയവും വിചാരപരവും ബുദ്ധിപരവുമായ മണ്ഡലങ്ങളേയും ഭൗതികമേഖലകളെയും ഒരുപോലെയാണത് വീക്ഷിക്കുന്നത്. ഈ വീക്ഷണം ക്രൈസ്തവർക്ക് തികച്ചും അജ്ഞാതമാണ്.

സബി: ഇത് മൗലികമായ ഒരന്തരം തന്നെ. രണ്ട് മതങ്ങൾക്കുമിടയിൽ ഇത്ര വലിയ അകൽചയുണ്ടാവാനുള്ള കാരണവും ഇതായിരിക്കണം.

അസ: അതെ, മിക്ക വിഷയങ്ങളിലും ഇസ്‌ലാം ഭൗതികമാണെന്ന് ക്രിസ്ത്യാനിക്ക് തോന്നും. കാരണം, മതവുമായി ബന്ധമില്ലാത്ത വിഷയങ്ങളെ ഇസ്‌ലാം കയ്യാളുന്നതായിട്ടാണ് അയാൾ മനസ്സിലാക്കുക.

സബി: സ്പെയിനിലൂടെയും സിസിലിയിലൂടെയും ഇസ്‌ലാമുമായി വളരെക്കാലം ബന്ധപ്പെടാൻ പാശ്ചാത്യലോകത്തിന് കഴിഞ്ഞിട്ടുണ്ട്. ഇസ്‌ലാമിനെപ്പറ്റി കൂടുതൽ മനസ്സിലാക്കാനുള്ള എല്ലാ സന്ദർഭവുമുണ്ടായിരുന്നു. എന്നിട്ടും ഈ അജ്ഞത നിലനിന്നതെങ്ങനെ? ആത്മീയമായി വളരെയടുത്ത ആദർശങ്ങളെ, ധ്രുവാന്തരങ്ങളിൽ കഴിയുന്ന രണ്ടു വ്യത്യസ്ത ആദർശങ്ങളെപ്പോലെ, പരസ്പരം അകറ്റാൻ ചില്ലറ വ്യത്യാസങ്ങൾ മതി. താരതമ്യത്തിന് ജർമ്മനിയേയും ഫ്രാൻസിനെയുമെടുക്കാം. സംസ്കാരത്തിലും പൈതൃകത്തിലും അവർ യോജിക്കുന്നു. എന്നുവേണ്ട വലിയൊരളവോളം ഒരേ വർഗത്തിൽ പെട്ടവരാണെന്ന് തന്നെ പറയാം. എങ്കിലും ശതാബ്ദങ്ങളായി തികഞ്ഞ വിദ്വേഷത്തിലും ശത്രുതയിലുമാണവർ കഴിഞ്ഞുകൂടുന്നത്. ഇസ്‌ലാമും പാശ്ചാത്യരും തമ്മിലുള്ള ഇതുപോലെ വല്ലതും സംഭവിച്ചിട്ടുണ്ടോ? താങ്കളുടെ അഭിപ്രായമെന്താണ്?

അസ: ഇത് വ്യാഖ്യാനിക്കാൻ ചരിത്രത്തിലൂടെ പിന്നോട്ട് പോവേണ്ടതുണ്ട്. അഥവാ, കുരിശുയുദ്ധങ്ങൾക്കിടയാക്കിയ കാരണങ്ങളാണ് നാം പരിശോധിക്കേണ്ടത്.

സബി: യാഥാർത്ഥ്യം മറിച്ചല്ലേ? കുരിശുയുദ്ധങ്ങൾ കൂടുതലടുക്കാനല്ലേ പ്രേരിപ്പിച്ചത്? അവക്ക് ശേഷം ചുരുങ്ങിയത് യൂറോപ്യൻ കലാമണ്ഡലങ്ങളിലെങ്കിലും ഇസ്‌ലാം ശക്തമായ സ്വാധീനം ചെലുത്തുകയുണ്ടായില്ലേ?

അസ: ശരിയാണ്. പക്ഷെ, യൂറോപ്യൻ സംസ്കാരത്തിന്റെ തുടക്കം–ശൈശവം എന്ന് പറയുന്നതാവും ഉത്തമം—മുസ്‌ലിം ലോകവുമായി യൂറോപ്പ് ഏറ്റുമുട്ടുമ്പോഴാണ് സംഭവിച്ചത്. അതിനാൽ ഇസ്‌ലാമിനെക്കുറിച്ച് പാശ്ചാത്യർക്കുണ്ടായ പ്രഥമ പ്രതികരണം ശത്രുതാപരമായിരുന്നു. അതിനാൽ യൂറോപ്യന്മാർ ഇസ്‌ലാമിനെ ഭയപ്പെടുവാനും അതിന്റെ ആക്രമണങ്ങളെ കരുതിയിരിക്കാനും തുടങ്ങി. ഈ പേടിസ്വപ്നത്തിന്റെ സ്വാധീനം നൂറ്റാണ്ടുകൾ നീണ്ടുനിൽക്കുകയും ചെയ്തു.

സബി: കുരിശുയുദ്ധങ്ങൾക്കുമുമ്പ് അറബി നാടുകളുമായി യൂറോപ്പ് ദീർഘകാലം ബന്ധപ്പെട്ടിട്ടില്ലേ? സ്പെയിൻ വിജയം മുമ്പുതന്നെ പൂർത്തിയായിരുന്നതിനാൽ വിശാലാടിസ്ഥാനത്തിൽ ഇസ്‌ലാമിനെ മനസ്സിലാക്കാൻ അതിന് സാധിച്ചില്ലേ?

അസ: സ്പെയിൻ വിജയം ഒരു യുദ്ധ നടപടിയായിരുന്നുവെന്ന് അനുസ്മരിക്കേണ്ടതുണ്ട്. അത് ഒരധിനിവേശമായിരുന്നു. പക്ഷെ, ഈ സംഘട്ടനം കൊണ്ട് യൂറോപ്പിന്റെ ഒരു സ്വപ്നവും തകർന്നില്ല. കാരണം, യൂറോപ്യൻ സംസ്കാരംതന്നെ എട്ടാം നൂറ്റാണ്ടിൽ രൂപമെടുത്തിരുന്നില്ല. പാശ്ചാത്യരായ ട്യൂട്ടോണിക് വർഗങ്ങളുടെ രാജാധികാരവും സ്പെയിൻ നേതൃത്വവുമെല്ലാം ചില അപരിഷ്കൃത ഗോത്രവർഗങ്ങളുടെ അവശിഷ്ടം മാത്രമായിരുന്നു. തങ്ങളുടെ സംസ്കാരത്തിന്ന് ഒരു ഭീഷണിയോ ഉപദ്രവമോ ആണെന്ന് തോന്നാൻ സ്പെയിനിന് ഒരു സാംസ്കാരികരൂപംതന്നെ ഉണ്ടായിരുന്നില്ല. അതിനാൽ അറബികളുടെ വൈജ്ഞാനികവും കലാപരവുമായ സ്വാധീനങ്ങളെ സന്ദേഹമില്ലാതെ അവരുൾക്കൊണ്ടു. ക്രൈസ്തവ സ്പെയ്ൻ മുഖേന ഈ സ്വാധീനം യൂറോപ്പിനെയാകെ ചൂഴ്ന്നു. പതിനൊന്നാം ശതകത്തിൽ, അഥവാ കുരിശുയുദ്ധകാലത്ത് നിലയാകെ മാറി. സമരോന്മുഖമായ ഒരു ശാത്രവബോധം അന്ന് യൂറോപ്പിനെയാകെ ബാധിച്ചു. അന്നാണ് യൂറോപ്പിൽ സമഗ്രമായൊരു സാമൂഹ്യബോധം ആദ്യമായി ഉടലെടുത്തതെന്ന് പറയാം.

സബി: താങ്കളുടെ അഭിപ്രായത്തിൽ ഈ ഐക്യബോധമാണ് യഥാർത്ഥ കാരണം?

അസ: നിസ്സംശയം, കുരിശുയുദ്ധങ്ങൾക്ക് മുമ്പ് സമഗ്രമായ ഒരു സാമൂഹ്യബോധം പാശ്ചാത്യർക്കുണ്ടായിരുന്നില്ല. മാത്രമല്ല, ഇന്നത്തെ അർത്ഥത്തിലുള്ള 'പാശ്ചാത്യർ' എന്ന പദവുമുണ്ടായിരുന്നില്ല. ചരിത്രപരമായി നോക്കുമ്പോൾ ഈ കുരിശുയുദ്ധങ്ങളാണ് പാശ്ചാത്യരെന്ന വിഭാവനയുടെ ഉറവിടം.

സബി: ഈ യുദ്ധങ്ങളാണ് പാശ്ചാത്യരിൽ ശക്തമായ ക്രൈസ്തവ മതബോധം സൃഷ്ടിച്ചതെന്ന് നിസ്തർക്കമാണ്. ഞങ്ങളിൽ ഒരൈക്യബോധം വളർത്താനുള്ള പൗരസ്ത്യ സംഭാവനയായിരുന്നു ഈ കുരിശുയുദ്ധങ്ങൾ.

അസ: പക്ഷെ, പാശ്ചാത്യരുടെ ബൗദ്ധിക മണ്ഡലങ്ങളിലും ബോധധാരകളിലും അത് സ്ഥിരപ്രതിഷ്ഠ നേടി. അതിനാൽ, ഇസ്‌ലാമിനെ ഒരു തികഞ്ഞ ശത്രുവായല്ലാതെ കാണാൻ അവർക്ക് കഴിഞ്ഞില്ല.

സബി: അതിന്ന് വേറെയും കാരണങ്ങളുണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നില്ലേ? നൂറ്റാണ്ടുകളോളം യൂറോപ്പിന്നെതിരിൽ മുസ്‌ലിംകളുടെ ആക്രമണങ്ങൾ നടന്നിട്ടില്ലേ? പ്രത്യേകിച്ചും തുർക്കിയിൽനിന്ന്?

അസ: പാശ്ചാത്യരുടേയും പൗരസ്ത്യരുടേയും പരസ്പര ബന്ധം സമരോത്സുകമായിരുന്നു. അതിനാൽ വൈജ്ഞാനികവും കലാപരവും വാണിജ്യപരവുമായ ബന്ധങ്ങൾ നിഷ്പ്രഭമായി. കുരിശുയുദ്ധങ്ങളുടെ ഫലമായി 'മുഹമ്മദിന്റെ വഴിപിഴച്ച സിദ്ധാന്തങ്ങൾ' ഖണ്ഡിക്കേണ്ടത് പാശ്ചാത്യൻ മിഷനറിമാരുടെ അടിയന്തിരാവശ്യമായിതീർന്നു. യൂറോപ്പിലെ സാധാരണക്കാരൻ തന്റെ ശത്രുതാ മനോഭാവത്തെ തൃപ്തിപ്പെടുത്താനായിരുന്നു, വിജ്ഞാനത്തിന് വേണ്ടിയല്ല, ഇസ്‌ലാമിനേയും അതിന്റെ ചരിത്രത്തേയും മനസ്സിലാക്കിയത്. ഇസ്‌ലാമിനെ പഠിക്കാൻ തുടങ്ങിയത് മിഷനറിമാർ മുഖേനയായതുകൊണ്ട് സാങ്കല്പികവും തിക്തവുമായ ധാരണകളാണ് അവർക്കുണ്ടായത്.

സബി: അതുകൊണ്ടാണ് ഇസ്‌ലാമിനെപ്പറ്റി ഞങ്ങൾ സ്വീകരിച്ച വികൃതവും വിരൂപവുമായ വിഭാവനം ഇത്ര പരുഷമായതല്ലേ?

അസ: അതെ, പത്തൊമ്പതാം നൂറ്റാണ്ടിലാണ് ഈ മുൻ ധാരണകളും വിലക്ഷണ സങ്കല്പങ്ങളും തൂത്തെറിഞ്ഞ് സ്വതന്ത്രമായൊരു വീക്ഷണത്തിനുവേണ്ടി യൂറോപ്പിൽ ഓറിയന്റലിസം ഉടലെടുത്തത്. വസ്തുനിഷ്ഠമായ പഠനത്തിനും വിചിന്തനത്തിനുമുള്ള ശാസ്ത്രീയ മാർഗങ്ങൾ ഒട്ടൊക്കെ അന്ന വലംബിക്കപ്പെടുകയും ചെയ്തു.

സബി: യൂറോപ്യൻ നാഗരികത

യുടെ ശൈശവത്തിൽ ഇസ്‌ലാമിനെക്കുറിച്ചുണ്ടായിരുന്ന ധാരണകൾ ഇസ്‌ലാമിനെ ഞങ്ങൾക്ക് അന്യമാക്കിയിട്ടുണ്ടെങ്കിൽ ഈ പ്രതികരണങ്ങളുടെ സ്വാധീനം അവശേഷിക്കുകയില്ലേ? ജീവിത വീക്ഷണത്തെ മുഴുവൻ അത് ചൂഴ്ന്നു നിൽക്കില്ലേ?

അസ: അങ്ങനെയാണുണ്ടായത്. ഇസ്‌ലാമിന്റെ നേരെ പാശ്ചാത്യർ അവലംബിച്ച നിലപാടിൽ ഈ ധാരണകളുടെ സ്വാധീനമുണ്ടായിരുന്നു. യഥാതഥമായ പഠനം മൂലം യൂറോപ്യർക്ക് ഈ അഭിപ്രായത്തിൽ നിന്ന് മോചനം സിദ്ധിച്ചു കൂടായ്കയില്ല. ഈ മാർഗത്തിൽ കാര്യമായ ചുവടുവെപ്പുകൾ ഇന്നു കാണുന്നുണ്ട്.

സബി: ഈ ധാരണകളിൽനിന്ന് നാം മുക്തമായെന്ന് സങ്കല്പിച്ചാൽ, രണ്ടു നാഗരികതകൾക്കും അന്യോന്യം വല്ല സംഭാവനകളുമർപ്പിക്കാൻ കഴിയുമോ?

അസ: പാശ്ചാത്യർ കാലത്തോടൊപ്പം നീങ്ങി, മുൻവിധികളിൽനിന്ന് മോചിതരാവുകയാണെങ്കിൽ തീർച്ചയായും കഴിയും.

കുരിശുയുദ്ധങ്ങളുടെ ഫലമായി യൂറോപ്പിലും പൊതുവെ പാശ്ചാത്യൻ നാടുകളിലുമുണ്ടായിരുന്ന ഇസ്‌ലാം വിരോധം മങ്ങിത്തുടങ്ങിയിരിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടുകളെപ്പോലെ ഇന്ന് പാശ്ചാത്യൻ ചിന്തകന്മാർ കഠിനമായ മതബോധത്തിന്നടിമപ്പെടുന്നില്ല.

സബി: ഇസ്‌ലാമിനെക്കുറിച്ചുള്ള മുൻവിധികൾ മാറണമെങ്കിൽ പാശ്ചാത്യരിൽ മതവിചാരം ദുർബലമാവണമെന്നാണോ താങ്കളുടെ അഭിപ്രായം?

അസ: അടിസ്ഥാനപരമായി അങ്ങനെയല്ല. മതബോധം ദുർബലമാവുന്നത് കിഴക്കായാലും പടിഞ്ഞാറായാലും പരിതാപകരം തന്നെ. ഒരു മതാവലംബി എന്ന നിലക്ക് എന്റെ വിശ്വാസം, മതവിശ്വാസം ഇല്ലാതായി എന്നതിനേക്കാൾ വലിയൊരു വിപത്ത് പാശ്ചാത്യർക്കിനി വരാനില്ലെന്നാണ്. പക്ഷെ, മതവിചാരത്തിന്റെ ശക്തിക്ഷയം ഇസ്‌ലാമിനെ വസ്തുനിഷ്ഠമായിക്കാണാൻ പാശ്ചാത്യർക്ക് അവസരം പ്രദാനം ചെയ്തിട്ടുണ്ടെന്നത് നിസ്തർക്കമാണ്. അനഭിലഷണീയമായ ഈ സ്ഥിതിവിശേഷം നമ്മുടെ ഭാവി ബന്ധങ്ങളിൽ വല്ല മാറ്റവും വരുത്തിയേക്കാം.

സബി: പക്ഷെ, രണ്ട് സംസ്കാരങ്ങൾക്കും അന്യോന്യം എന്ത് കൈമാറാൻ സാധിക്കും? ഒന്നിന് മറ്റൊന്നിനെ ഇകഴ്ത്തിക്കാണാതെ സന്തുലിതമായി നീങ്ങാൻ കഴിയുമോ?

അസ: പരസ്പര ബഹുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സംസ്കാരത്തിന്നും പലതും ചെയ്യാൻ കഴിയുമെന്നാണെന്റെ വിശ്വാസം. മതചിന്തയിൽ ഒരു സമ്പൂർണ നവീകരണമായിരിക്കും ഇസ്‌ലാമിന്ന് പാശ്ചാത്യരിലേക്ക് പകരാൻ കഴിയുക? ജീവിതത്തിന്റെ ഭൗതിക ഭാഗത്തിന് കൂടുതൽ ഊന്ന് നൽകാൻ അപ്പോളതിന്ന് സാധിക്കും.

സബി: മതത്തിന്റെ ഒരു ഭൗതിക ശാഖകൂടി ഞങ്ങൾക്ക് നൽകാൻ ഇസ്‌ലാമിന്ന് കഴിയുമെന്നാണോ പറയുന്നത്?

അസ: ആത്മാവും പദാർത്ഥവും തമ്മിലുള്ള വിഭജനം ഇസ്‌ലാമിലില്ല. അതിനാൽ മതപരമെന്നും ലൗകികമെന്നുമുള്ള ഉൾപിരിവുമില്ല. പാശ്ചാത്യരുടെ മതപരമായ അനുഭവങ്ങൾക്ക് കടകവിരുദ്ധമാണിത്. ഈ വിഭജനമാണ് ഇന്ന് പാശ്ചാത്യൻ മതവിശ്വാസികൾക്കിടയിൽ നിലനിൽക്കുന്ന സദാചാര വൈഷമ്യങ്ങൾക്കെല്ലാം അടിസ്ഥാന കാരണം.

സബി: ആത്മാവും പദാർത്ഥവും തമ്മിലുള്ള വിഭജനഫലമായി വിശ്വാസവും വിജ്ഞാനവും തമ്മിലുണ്ടായ അകൽച ഞങ്ങളുടെ ഇടയിലുണ്ടാക്കിയ വൈഷമ്യങ്ങൾ നിങ്ങൾക്കനുഭവപ്പെട്ടിട്ടില്ലെന്ന് പറയാം. അധിക പാശ്ചാത്യരേയും ബാധിച്ച ഒരു ദുരന്തം തന്നെയാണിത്.

അസ: വിജ്ഞാനത്തിന്റെയും വിശ്വാസത്തിന്റെയുമിടക്കുള്ള വിടവ് ഇസ്‌ലാമിലില്ല. കാരണം, ശാസ്ത്രീയ ഗവേഷണങ്ങൾക്ക് ഇളക്കം തട്ടിക്കുന്ന അധ്യാപനങ്ങൾ അതിന്നില്ല. ജീവശാസ്ത്രത്തിന്റേയോ രസതന്ത്ര ശാസ്ത്രത്തിന്റെയോ ഭൂമിശാസ്ത്രത്തിന്റെയോ ശരീരശാസ്ത്രത്തിന്റേയോ നിഗമനങ്ങളെ ആസ്പദമാക്കിയ വിശ്വാസപ്രമാണങ്ങൾ ഇസ്‌ലാമിലില്ല. അതിനാൽ ശാസ്ത്രീയ നിരീക്ഷണങ്ങൾ ഇസ്‌ലാമിലെ മതചിന്തക്ക് യാതൊരാഘാതവും ഏല്പിക്കുന്നതല്ല. പാശ്ചാത്യരിൽ വളരെയധികം വിഷമതകൾ സൃഷ്ടിച്ച പരിണാമവാദത്തെ എടുക്കാം. എട്ടോ ഒമ്പതോ നൂറ്റാണ്ടുകൾക്കു മുമ്പ് ഈ സിദ്ധാന്തം മുസ്‌ലിംകളിൽ പ്രചരിച്ചിരുന്നു. പക്ഷെ, ആരും മതപരമായ വീക്ഷണത്തിൽ അതിനെപ്പറ്റി വിധി കല്പിച്ചില്ല.

സബി: ക്രൈസ്തവമതദർശനത്തിൽ ഊരാക്കുടുക്കായവശേഷിക്കുന്ന ബുദ്ധിമുട്ടുകളൊന്നും നിങ്ങളുടെ ചരിത്രത്തിലില്ല. പക്ഷെ, ഈ പരിവർത്തന വ്യവസായം, ശാസ്ത്രം, പ്രകൃതി വിജ്ഞാനീയം തുടങ്ങിയ ഭൗതിക ഭാഗത്ത് നിന്നാണുത്ഭവിച്ചതെന്നത് പരിഗണനീയമാണ്. അതായത്, ഭൗതിക പ്രപഞ്ച ഘടനയിലുള്ള വ്യാപാരമാണ് അതിന്ന് കാരണം. പൗരസ്ത്യ മുസ്‌ലിം നാടുകളിൽ ഈ പരിവർത്തനം നന്നേ വിരളമാണ്. പാശ്ചാത്യരുടേതിനോട് താരതമ്യം ചെയ്യാൻ മാത്രമില്ല.

അസ: ഇസ്‌ലാമിൽ മതചിന്തയായിരുന്നു ശാസ്ത്രീയ വിചാരത്തിനുള്ള ശക്തമായ പ്രചോദനം. ഖുർആനും ഇസ്‌ലാമിക ചിന്തകളും തത്വശാസ്ത്രപരമായ സങ്കല്പങ്ങളിലല്ല നിലയിറപ്പിച്ചിരിക്കുന്നത്. ബുദ്ധിപരവും യുക്തിപരവുമായ തെളിവുകളിലാണ്. അതുകൊണ്ടാണ് ബാഹ്യലോകത്തെക്കുറിച്ച് ചിന്തിക്കുവാനും മനസ്സിലാക്കുവാനും തീരുമാനമെടുക്കുവാനും അവ മുസ്‌ലിംകളോട് ആവർത്തിച്ചാവശ്യപ്പെടുന്നത്. എങ്കിൽ ദൈവിക ശക്തിയുടെ ദൃഷ്ടാന്തങ്ങ ൾ അവർക്ക് നന്നായി ഗ്രഹിക്കാം. നക്ഷത്രങ്ങളുടെ നീക്കത്തെയും വ്യോമഗ്രഹങ്ങളുടെ ഉതിർന്നു വീഴ്ചയേയും കുറിച്ച് ഖുർആനിലുള്ള സൂചനകളെല്ലാം ദൈവത്തിന്റെ അപാരമായ ശക്തിവിശേഷത്തെ കുറിക്കുന്നതുപോലെത്തന്നെ ഗോളശാസ്ത്രത്തേയും ഗണിതശാസ്ത്രത്തേയും പഠിച്ചിത്തിക്കാൻ അവർക്ക് പ്രേരണ നല്കിയിട്ടുമുണ്ട്.

സബി: പാശ്ചാത്യരിലെ ആദ്യത്തെ ഗോളശാസ്ത്രജ്ഞന്മാർക്ക് പ്രചോദനം നൽകിയ ചൈതന്യവും ഇതുതന്നെയായിരുന്നു. കോപ്പർനിക്കസ്സും കപ്ലറും വ്യോമശാസ്ത്രത്തിൽ ഗവേഷണമാരംഭിച്ചത് സൃഷ്ടികർത്താവിന്റെ മാഹാത്മ്യത്തിന് തെളിവെടുക്കാനാണ്. എന്നാൽ ചർച്ചുകൾ ശാസ്ത്രീയ ഗവേഷണത്തിനു നേരെ സ്വീകരിച്ച ശാത്രവ നിലപാടിന്ന് പാശ്ചാത്യൻ രാജ്യങ്ങളിൽ വലിയ പ്രതികരണങ്ങളുണ്ടായി.

രണ്ടാമത്തെ ചോദ്യത്തിലേക്ക് ഞാൻ മടങ്ങുന്നു. പാശ്ചാത്യർക്ക് ഇസ്‌ലാമിന്ന് വല്ലതും നല്കാൻ കിയുമോ? പാശ്ചാത്യരുടേയും ഇസ്‌ലാമിന്റേയുമിടക്ക് ആത്മീയ ബന്ധങ്ങൾ

സ്ഥാപിതമാകുവാനും മതപരമായ സ്വാധീനങ്ങൾ ഉദ്ഭൂതമാകുവാനും സാധ്യതയുണ്ടോ? പാശ്ചാത്യരിലുണ്ടായ ശാസ്ത്ര സ്വാധീനവും വ്യാവസായിക ഫലങ്ങളും നിങ്ങൾക്ക് തകർച്ചയാണുണ്ടാക്കുക എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അത് നിങ്ങളുടെ ജീവിതത്തിൽ പുതിയ പ്രതിസന്ധികളും ഗുരുതരമായ പിഴവുകളും സൃഷ്ടിക്കും.

അസ: ഇസ്‌ലാമിക ലോകത്ത് എല്ലാ നാഗരിക പരിവർത്തനങ്ങൾക്കുമുള്ള അടിസ്ഥാനം മതം മാത്രമാണെന്ന് നാമാദ്യം ഓർക്കണം. ഇസ്‌ലാമിൽ ആ മതം ആത്മാവിനേയും ശരീരത്തെയും വ്യക്തിയേയും സമൂഹത്തെയുമെല്ലാം ഉൾക്കൊള്ളുന്നു. മതത്തിന്റെ സ്വാധീനം മൂലമാണ് മുസ്‌ലിംകളിൽ സൃഷ്ടിപരമായ ഉണർവുണ്ടായത്. മതം ശക്തവും കർമ്മപ്രേരകവുമായിരുന്ന കാലത്താണ് ഇസ്‌ലാമിക ചരിത്രത്തിൽ നാം കാണുന്ന കലാപരവും വൈജ്ഞാനികവുമായ പുരോഗതികളുണ്ടായത്. മദ്ഹബിന്റെ അടിസ്ഥാനത്തിലുള്ള വരണ്ട മതപഠനത്തിലേക്ക് മതചിന്ത ഉരുണ്ടു വീണപ്പോൾ മുസ്‌ലിംകളുടെ നിലപാടും ദുർബലമായി.

സബി: നിങ്ങൾക്കും അങ്ങനെ പറ്റിയോ?

അസ: ഉവ്വ്, എട്ട് നൂറ്റാണ്ടുകളോളമായി. നിഷ്ക്രിയത്വം ആധിപത്യം നേടിയപ്പോൾ മതപരമായ പ്രചോദനം നിലച്ചു. ക്രിയാത്മകമായ കഴിവുകളാർജ്ജിക്കാൻ മുസ്‌ലിംകൾക്ക് പിന്നെ കഴിഞ്ഞില്ല. ഇസ്‌ലാമിക സംസ്കാരത്തിന്ന് പാശ്ചാത്യർക്ക് എന്ത് നൽകാൻ കഴിയും എന്ന നിങ്ങളുടെ ചോദ്യത്തിന്ന് എന്റെ മറുപടിയിതാണ്: കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി മതപരമായ വരട്ടു ചിന്തകളിൽ നിന്ന് പാശ്ചാത്യർ സ്വാതന്ത്ര്യം നേടിവരികയാണ്. വിശ്വാസപരമായ മൂശകളെക്കുറിച്ച് അവർ സ്വതന്ത്രമായി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. ഈ പരിചയം മുഖേന കഴിഞ്ഞ നൂറ്റാണ്ടുകളുടെ അനിശ്ചിതത്വത്തിൽ നിന്ന് മുക്തി നേടി ഇസ്‌ലാമിക സംസ്കാരത്തെ സഹായിക്കാൻ അവർക്ക് കഴിയും. മതപരവും ആദർശപരവുമായ എല്ലാ പ്രശ്നങ്ങളെക്കുറിച്ചും വസ്തുനിഷ്ഠമായി വീക്ഷിക്കുവാനും അവർക്ക് സാധിക്കും.

സബി: വ്യവസായ പുരോഗതിയുടെ ആഘാതങ്ങളെ മുസ്‌ലിം ലോകം എങ്ങനെ അതിജയിക്കും? നൂതനമായ ഉല്പാദന മാർഗങ്ങൾ സൃഷ്ടിച്ച കനത്ത വിപത്തുകൾ മുസ്‌ലിം ലോകത്തുള്ള മനുഷ്യനെ ഭീഷണിപ്പെടുത്തുകയില്ലേ?

അസ: ഈ വിപത്ത് മുസ്‌ലിം ലോകത്തെപ്പോലെ പാശ്ചാത്യരേയും ബാധിക്കും. പാശ്ചാത്യർ പുരോഗമന മാർഗത്തിലൂടെ മുന്നേറുകയും, ആത്മീയമായതെല്ലാം ബലിയർപ്പിക്കപ്പെടാവുന്ന ദൈവമായി വ്യവസായത്തെ വീക്ഷിക്കുകയുമാണെങ്കിൽ യൂറോപ്യൻ നാഗരികതയും പൊളിഞ്ഞുവീഴും. ഇതേ നിലപാടാണ് മുസ്‌ലിംകളും അനുവർത്തിക്കുന്നതെങ്കിൽ സ്വാഭാവികമായും അവരുടെ പരിണാമവും അതു തന്നെ.

സബി: വ്യാവസായിക പുരോഗതികളെക്കുറിച്ചുള്ള ദീർഘമായ പരിചയം ഞങ്ങൾക്കുണ്ട്. അത്കൊണ്ട് ഇസ്‌ലാമിന്നും പൗരസ്ത്യനാടുകൾക്കും സഹായം നൽകാൻ ഞങ്ങൾക്ക് കഴിയില്ലേ?

പൗരസ്ത്യ ജനവിഭാഗത്തിന്റെ പെട്ടെന്നുള്ള നീക്കം ആപൽക്കരമാണ്. അടുത്തകാലം വരെ പൂർവാചാരങ്ങൾ അവരിൽ ശക്തമായി നിലകൊള്ളുന്നു. ഇന്നും ദൈവത്തെ ദൈവമായി അവരംഗീകരിക്കുന്നു. ഞങ്ങളാവട്ടെ, ദീർഘകാലത്തെ പരിജ്ഞാനത്തിനും നിരൂപണ പഠനത്തിനും ശേഷം യന്ത്രങ്ങളുടെ ദിവ്യത്വത്തിൽനിന്ന് മുക്തി നേടാനാണ് ശ്രമിക്കുന്നത്.

അസ: ഇത് തന്നെയാണ് പാശ്ചാത്യരിൽ നിന്ന്, വിശിഷ്യാ അവിടത്തെ ചിന്തകന്മാരിൽനിന്ന്, ഞങ്ങൾ പ്രതീക്ഷിക്കുന്നത്. നിങ്ങളുടെ പരിചയത്തെ ആസ്പദമാക്കി യന്ത്രങ്ങളെ ദൈവമാക്കുന്നതിൽ നിന്ന് നിങ്ങൾ ഞങ്ങളെ വിലക്കണം. പത്തൊമ്പതാം നൂറ്റാണ്ടിൽ പാശ്ചാത്യർക്കുണ്ടായിരുന്ന പ്രതീക്ഷ, യന്ത്രങ്ങൾ അവരുടെ സമസ്ത പ്രശ്നങ്ങളും പരിഹരിക്കുമെന്നായിരുന്നു. ഇന്ന് അതസ്ഥാനത്താണെന്ന് മനസ്സിലാക്കിയതിനാൽ ഞങ്ങൾക്ക് ഒന്നാന്തരം അനുഭവ പാഠമാണവർ നൽകിയിരിക്കുന്നത്. ദീർഘകാലമായി പാശ്ചാത്യരെ ബാധിച്ച തെറ്റുകൾ അത് ഞങ്ങൾക്ക് ചൂണ്ടിക്കാണിച്ചിരിക്കുന്നു.

സബി: വ്യാവസായിക പുരോഗതിയാണ് നാമിന്ന് കാണുന്ന സാമൂഹികവും ആദ്ധ്യാത്മികവുമായ തെറ്റുകൾക്ക് കാരണമെന്ന് ഏകപക്ഷീയ വീക്ഷണമായിരിക്കും. വളരെയധികം തിന്മകളിൽനിന്ന് വ്യവസായം ഞങ്ങളെ മോചിപ്പിക്കുമെന്ന് കണക്കുകൂട്ടുന്ന പൗരസ്ത്യരും കഴിഞ്ഞ നൂറ്റാണ്ടിലെ പാശ്ചാത്യരുടെ നിലപാട് ആവർത്തിക്കുകയാണ് ചെയ്യുന്നത്. സാമൂഹികവും സാമ്പത്തികവും ആരോഗ്യകരവുമായ വളരെ ദൂഷ്യങ്ങളിൽ നിന്ന് പൗരസ്ത്യരെ അകറ്റിനിർത്താൻ വ്യവസായത്തിന് കഴിയുമെന്നും വിസ്മരിച്ചുകൂടാ.

അസ: വ്യവസായത്തിനു നേരെയുള്ള ആർപ്പും വിളിയുമെല്ലാം പൗരസ്ത്യർ മനസ്സിലാക്കിയിട്ടുണ്ട്. പുതുതായി സ്വാതന്ത്ര്യം നേടിയ മിക്ക ജനവിഭാഗങ്ങൾക്കും സാമ്പത്തികവും വ്യാവസായികവുമായ രംഗത്ത് നിന്നകന്ന് നിൽക്കാൻ വയ്യ. പക്ഷെ, ദേശീയതത്തെയും ഭൗതികത്വത്തെയും വ്യാവസായ കുത്തകയെയും മുറുകെ പിടിക്കുന്ന പാശ്ചാത്യരെ പോലെ വ്യവസായവും അധുനാതനോപകരണങ്ങളും മാത്രമാണ് ഏക രക്ഷാമാർഗമെന്ന് മുസ്‌ലിം ജനത മനസ്സിലാക്കുന്നില്ല. മതം ഞങ്ങൾക്ക് നൽകുന്ന മൂല്യങ്ങൾ പകരാൻ അവർക്കൊട്ടു സാധ്യവുമല്ല.

സബി:ഞങ്ങൾക്കിടയിൽതന്നെ രൂക്ഷമായ നിരൂപണത്തിന് വിധേയമായിരിക്കുന്ന യാതൊന്നും പൗരസ്ത്യർക്ക് നൽകുക അഭിലഷണീയമല്ല. എല്ലാ ശക്തിയും സംഭരിച്ച് കുറവുകൾ നികത്തുവാനാണ് ഞങ്ങളുടെ ശ്രമം. പൗരസ്ത്യർ ആദരിച്ചംഗീകരിക്കുന്ന മൂല്യങ്ങളും പൈതൃകങ്ങളും നിഷേധിക്കാവതല്ല. നിങ്ങളുടെ "മക്കയിലേക്കുള്ള വഴി" എന്ന ഗ്രന്ഥത്തിൽ വിവരിച്ചതുപോലുള്ള ആതിഥ്യ മര്യാദയും പരസ്പര സ്നേഹവും നൈസർഗികമായ മൈത്രി ബന്ധവും ഒരിക്കലും അപ്രത്യക്ഷമായിക്കൂടാ. അതിനാൽ, ഞങ്ങൾക്ക് പലതും നൽകാൻ നിങ്ങൾക്ക് കഴിയും. കറകളഞ്ഞ മനുഷ്യത്വത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങളുമായി അടുക്കാൻ നിങ്ങൾക്കു സാധിക്കും. അതിനാൽ ശത്രുതാപരമായ നിലപാടുകൾ മറന്ന് നമുക്ക് അടുക്കാം.

അസ: ഞാൻ താങ്കളോട് പൂർണമായും യോജിക്കുന്നു. ഈ നാഗരിക ബന്ധങ്ങൾ ഉപരിപ്ലവമായാൽപോരാ. പ്രസ്തുത മൂല്യങ്ങൾക്ക് വില കല്പിക്കാതെ പൗരസ്ത്യരിൽ നിന്നവ തട്ടിയെടുക്കാൻ പാശ്ചാത്യർക്ക് കഴിയില്ല. ഈ സാംസ്കാരിക മൂല്യങ്ങളെ പരിരക്ഷിക്കുകയും ജീവത്താക്കുകയുമാണ് മുസ്‌ലിം ലോകത്തിന്റെ പ്രധാന ലക്ഷ്യം. അങ്ങനെ പാശ്ചാത്യരുമായുള്ള നല്ല

ബന്ധം മുഖേന തങ്ങളുടെ പരിചയ സീമ വിപുലമാക്കുകയും.

സബി: പാശ്ചാത്യരോടൊപ്പം മൂല്യങ്ങൾ കൈമാറാനുള്ള സന്നദ്ധത പൗരസ്ത്യർക്കുണ്ടോ എന്നതാണ് എന്നെ അലട്ടുന്ന വിഷമം. കഴിഞ്ഞ ശതകങ്ങളിൽ ഞങ്ങളോടുള്ള നിങ്ങളുടെ ബന്ധം തൃപ്തികരമല്ല. മുസ്‌ലിം ലോകത്തെ ആത്മീയ ചിന്തയെ നയിക്കുന്നവർക്ക് ഞങ്ങളെ വിശ്വാസമുണ്ടോ?. യൂറോപ്പിന്നെതിരിലുള്ള പ്രവണതകളെയും ദേശീയ ചലനങ്ങളേയും അവഗണിച്ചുകൊണ്ടാണീ പറയുന്നത്.

അസ: ഇതിന് പൂർണമായി മറുപടി പറയണമെങ്കിൽ രാഷ്ട്രീയത്തിലേക്ക് കടക്കേണ്ടി വരും. ഇസ്‌ലാമിക വീക്ഷണമനുസരിച്ച് അങ്ങേയറ്റം വഷളായ പലതും കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ പാശ്ചാത്യരുടെയും പൗരസ്ത്യരുടെയും ഇടക്ക് സംഭവിച്ചു. എങ്കിലും മുസ്‌ലിം ലോകവുമായി നല്ല ധാരണ നില നിർത്താൻ പാശ്ചാത്യർ ആത്മാർത്ഥമായി ശ്രമിക്കയാണെങ്കിൽ മുസ്‌ലിം ജനതകളിലും തുല്യമായ സന്നദ്ധതയുണ്ടാവുമെന്നാണ് എന്റെ പ്രതീക്ഷ.

സബി: ഈ അഭിപ്രായത്തിൽ താങ്കളോട് പങ്കുചേരാൻ എനിക്കു സന്തോഷമുണ്ട്. നാം വളരെ സമീപത്താണ് നിൽക്കുന്നത്. നമ്മിൽ ഓരോരുത്തരും ഇതരരെക്കുറിച്ച് ചിന്തിക്കാൻ നിർബന്ധിതരാണ്. തൽഫലമായി നമ്മുടെ മുൻ ധാരണകളും ആക്ഷേപങ്ങളും അകറ്റി വസ്തുനിഷ്ഠമായൊരു വിഭാവനക്ക് അടിത്തറ കാണാം. നമുക്കിടയിൽ കേവലമൊരു പരിചയമുണ്ടായാൽ പോരാ. അഗാധമായ അറിവ് വേണം. ഇസ്‌ലാമിക ലോകവുമായി ഞങ്ങളെ അടുപ്പിക്കാൻ നിങ്ങൾക്ക് കഴിയും ഡോക്ടർ. ഇസ്‌ലാമിനെ നിങ്ങൾക്ക് പൂർണമായറിയാമെന്ന് മാത്രമല്ല, നിത്യജീവിതത്തിൽ നിങ്ങൾ അതിനെ സജീവമായി നിലനിർത്തുക കൂടി ചെയ്യുന്നു.

യൂറോപ്പിന്റെ ചരിത്രം പൗരസ്ത്യ സംസ്കാരങ്ങളോടും ദർശനങ്ങളോടും മതങ്ങളോടും കടപ്പെട്ടിരിക്കുന്നു. ഇതെപ്പറ്റി ആളുകൾക്ക് അല്പമേ അറിയൂ. യൂറോപ്യൻ ചരിത്രത്തിൽ ഇന്ത്യയിലെയും ചൈനയിലെയും പേർഷ്യയിലേയും ആത്മീയ ശക്തികളും ചിന്തകളും സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇസ്‌ലാമിക വിജ്ഞാനീയങ്ങളും കലകളും അതിന്റെയെല്ലാം മുന്നിൽ നിൽക്കുന്നു.

ഈ സംഭാഷണങ്ങളും വിവാദങ്ങളും തുടർന്നുകൊണ്ടിരിക്കണം. ഫലപ്രദമായ ഒരു ധാരണയിലേക്കും വിശ്വാസത്തിലേക്കും നാമെത്തിച്ചേർന്നാൽ ജനക്ഷേമകരമായ പലതും ചെയ്യാൻ നമുക്ക് കഴിഞ്ഞേക്കും.

●